# Deepika

## 31 July 2018

## Kumali: Rain Ease in Mullaperiyar region

# മുല്ലപ്പെരിയാർ മേഖലയിൽ മഴയ്ക്ക് അൽപം ശമനം

### നീരൊഴുക്കു കുറഞ്ഞു

**കുമളി:** മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പിൽ നേരിയ കുറവ്. ഞായറാഴ്ച 135.90 അടിയായിരുന്നത് ഇന്നലെ 135.80 അടിയായി കുറഞ്ഞു. അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് 1,807.08 അടിയായി കുറഞ്ഞു. തമിഴ്നാട്ടിലേക്കൊഴുക്കുന്ന വെള്ളത്തിന്റെ തോതും കുറച്ചു. ഞായറാഴ്ച വൈകുന്നേരം വരെ സെക്കൻഡ് തോറും 2,300 ഘനയടി വീതം തമിഴ്നാട് കൊണ്ടുപോയിരുന്നത് ഇന്നലെ 2,100 അടിയായി കുറച്ചു.

അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്തു മഴയുടെ ശക്തി കുറഞ്ഞിട്ടുണ്ട്. തേക്കടിയിൽ 1.2 മില്ലിമീറ്ററും പെരിയാറിൽ 13.2 മില്ലിമീറ്ററും മഴ രേഖപ്പെടുത്തി. അണക്കെട്ടിൽ 6067.60 മില്യൺ ഘനയടി വെള്ളമുണ്ട്.